## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:6167** **31.10.2011 ൽ മറുപടിയ്ക്ക്**

**അനർട്ടും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ചേർന്ന് നടപ്പിലാക്കിയ പദ്ധതികൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി.ശശി | | ശ്രീ.ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) | |
| (എ) | അനർട്ടും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ചേർന്ന് കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ നടപ്പിലാക്കിയ പരിപാടികൾ ഏതെല്ലാമെന്നും ഓരോന്നിനും എത്ര തുക വീതം ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ; | (എ) | 1) ദശലക്ഷം സി.എഫ്.എൽ വിതരണ പദ്ധതി - ഇതുവരെ ചെലവഴിച്ചത് - 48,66,478 രൂപ<br>2)വൈദ്യുതീകരിക്കാത്ത വീടുകളുടെ സർവ്വേ - ഇതുവരെ ചെലവഴിച്ചത് - 1,21,69,506 രൂപ<br>3)പാരമ്പര്യേതര ഊർജ്ജ ഉപകരണങ്ങളുടെയും, ഊർജ്ജ സംരക്ഷണ ഉപകരണങ്ങളുടെയും വ്യാപനം - ഇതുവരെ ചെലവഴിച്ചത് - 2,31,06,681 രൂപ .<br>4) പവർ ലൈൻ മാപ്പിംഗ് പ്രാരംഭ ചെലവുകൾ - 21,50,715 രൂപ |
| (ബി) | നടപ്പ് സാമ്പത്തിക വർഷത്തിൽ അനെർട്ടും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ആയി ചേർന്ന് നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ള പരിപാടികൾ ഏതെല്ലാം;പ്രസ്തുത പരിപാടി തിരുവനന്തപുരം ജില്ലയിലെ ഏതെല്ലാം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്നാണ് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) | വൈദ്യുതീകരിക്കാത്ത വീടുകളുടെ സർവ്വേ പൂർത്തിയാകാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അവ പൂർത്തീകരിക്കുക, പവർ ലൈൻ മാപ്പിംഗ് പൂർത്തിയാക്കുക, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെട്ടിട്ടുള്ള പാരമ്പര്യേതര ഊർജ്ജ ഉപകരണങ്ങളുടെയും, ഊർജ്ജ സംരക്ഷണ ഉപകരണങ്ങളുടെയും വിതരണം പൂർത്തീകരിക്കുക എന്നിവയാണ് നടപ്പ് സാമ്പത്തിക വർഷത്തിൽ അനെർട്ടും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ആയി ചേർന്ന് നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ള പരിപാടികൾ. പ്രസ്തുത പരിപാടി തിരുവനന്തപുരം ജില്ലയിലെ തിരുവനന്തപുരം കോർപ്പറേഷൻ, തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്, ചെമ്മരുതി ഗ്രാമപഞ്ചായത്ത്, ഇടവ ഗ്രാമപഞ്ചായത്ത്, പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്ത്, കിഴുവിലം ഗ്രാമപഞ്ചായത്ത്, കല്ലറ ഗ്രാമപഞ്ചായത്ത്, പെരിങ്ങമല ഗ്രാമപഞ്ചായത്ത്, പൂവച്ചൽ ഗ്രാമപഞ്ചായത്ത്, വെള്ളനാട് ഗ്രാമപഞ്ചായത്ത്, കരകുളം ഗ്രാമപഞ്ചായത്ത്, പോത്തൻകോട് ഗ്രാമപഞ്ചായത്ത്, ബാലരാമപുരം ഗ്രാമപഞ്ചായത്ത്, കള്ളിക്കാട് ഗ്രാമപഞ്ചായത്ത്, പാറശ്ശാല ഗ്രാമപഞ്ചായത്ത് എന്നീ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുമായി ചേർന്നാണ് നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ